## കേരള കാർഷിക സർവ്വകലാശാല

നടപടിക്രമം

കെ.എ.യു.-പൊതുഭരണം-പീലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ സബ്ബ് സെന്ററായി വർത്തിയ്ക്കുന്ന മഞ്ചേശ്വരം കേന്ദ്രത്തെ വിജ്ഞാന വ്യാപന വിഭാഗത്തിൻകീഴിൽ പ്രവർത്തിയ്ക്കുന്ന 'എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററായി' പുനർനാമകരണം ചെയ്ത് - നിലനിർത്തി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

**പൊതുഭരണം**

നമ്പർ.ജി.എ/ഡി2/4366/2017 തിയ്യതി, വെള്ളാനിക്കര. 28/03/2017

പരാമർശം:- 13/03/2017 ലെ നം. ആർ 5/60678/17 കത്തിനോടൊപ്പം ഉള്ളടക്കം ചെയ്ത 552 -ാം ഭരണസമിതി തീരുമാനത്തിന്റെ പ്രസക്തഭാഗം.

**ഉത്തരവ്**

കാർഷിക സർവ്വകലാശാലയുടെ പീലിക്കോട് പ്രാദേശിക കാർഷിക ഗവേഷണത്തിന്റെ മഞ്ചേശ്വരത്തുള്ള ഉപകേന്ദ്രത്തിന്റെ ഭാവി പ്രവർത്തനങ്ങൾ സംബന്ധിച്ചും പ്രസ്തുത കേന്ദ്രം വിജ്ഞാനവ്യാപന കേന്ദ്രത്തിന്റെ കീഴിൽ കൊണ്ടു വരുന്നതിന്റെ ആവശ്യകത സംബന്ധിച്ചും തീരുമാനിക്കുന്നതിനായി ഇക്കാര്യം ഗവേഷണ വിഭാഗം മേധാവി ഭരണസമിതി മുമ്പാകെ (ഫയൽ നം.ആർ.4/64559/16) സമർപ്പിച്ചു. 27/01/2017 ന് കൂടിയ ഭരണസമിതിയുടെ 552-ാ മതു യോഗം ഈ കേന്ദ്രത്തിൽ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്ക് മുൻഗണന നല്കണമെന്നും, ഈ കേന്ദ്രത്തെ വിജ്ഞാനവ്യാപന വിഭാഗത്തിന്റെ കീഴിൽ എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററായി നിലനിർത്താനും തീരുമാനിച്ചു.

പ്രസ്തുത സാഹചര്യത്തിൽ, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പീലിക്കോടിന്റെ സബ്ബ്സെന്ററായി വർത്തിയ്ക്കുന്ന മഞ്ചേശ്വരത്തുള്ള കേന്ദ്രത്തെ 'എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്റർ' എന്ന് പുനർനാമകരണം ചെയ്ത് വിജ്ഞാന വ്യാപന വിഭാഗത്തിന്റെ കീഴിൽ നിലനിർത്തിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ഈ കേന്ദ്രത്തിൽ വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾക്കായിരിക്കും മുൻഗണന.

ഭരണസമിതിയുടെ ഉത്തരവിൻ പ്രകാരം

(ഒപ്പ്)

**ജോയിന്റ് രജിസ്ട്രാർ (ഭരണം.1)**

സ്വീകർത്താവ്:

1. ഗവേഷണ വിഭാഗം മേധാവി, കെ.എ.യു, വെള്ളാനിക്കര
2. വിജ്ഞാനവ്യാപന വിഭാഗം മേധാവി. കെ.എ.യു, മണ്ണുത്തി
3. അസോസിയേറ്റ് ഡയറക്ടർ, പീലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം
4. മഞ്ചേശ്വരം സബ്ബ്സെന്റർ മേധാവി
5. എല്ലാ സ്റ്റേഷൻ മേധാവികൾക്കും
6. വെബ്ബ് സൈറ്റ് അഡ്മിനിസ്ട്രേറ്റർ
7. പബ്ലിക് റിലേഷൻസ് ഓഫീസർ-ആവശ്യമായ പ്രകാരം നൽകുന്ന തിനായി.

പകർപ്പ്: വൈസ്ചാൻസിലറുടെ പിഎസ്/വൈസ്ചാൻസിലറുടെ പിഎ/ രജിസ്ട്രാറുടെ പിഎ/ കംപ്ട്രോളറുടെ പിഎ/ജോയിന്റ് രജിസ്ട്രാർ (ഭരണംI & II)/ഡെപ്യൂട്ടി കംപ്ട്രോളർ (ബി&പി)/ഡെപ്യൂട്ടി കംപ്ട്രോളർ (പി&എൽ)/ഡെപ്യൂട്ടി കാപ്ട്രോളർ (ഐ.എ.സി, സി.ആർ/ജോയിന്റ് രജിസ്ട്രാർ(അക്കാദ്)/അസിസ്റ്റന്റ് രജിസ്ട്രാർ (ഭരണം 1&2)/ അസിസ്റ്റന്റ് രജിസ്ട്രാർ ജി.സി, ഇ.സി, ലീഗൽ & ആർ.ടി.ഐ/ റിക്രൂട്ട്മെന്റ് ഓഫീസർ/ലേബർ ഓഫീസർ/അസിസ്റ്റന്റ് കംപ്ട്രോളർ ഡി.ഡി &.എ, ബി&എം പി&എൽ/ഗവേഷണ വിഭാഗം/പൂൾ ഓഫീസർ/ ഫിനാൻസ് അസിസ്റ്റന്റ്. ഡി.പി.പി/ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/ സെക്ഷൻ ഓഫീസർ ജിഎ.ജി/ജിഎ.ജെ2/ഫെയർ കോപ്പി & ഡെസ്പാച്ച്/കരുതൽ ശേഖരം/മിച്ചം

//ഉത്തരവിൻ പ്രകാരം അയയ്ക്കുന്നത്//

സെക്ഷൻ ഓഫീസർ

ഇ.വിടി *4